പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1918 17/12/2012 - ൽ മറുപടിക്ക്

## ഫിഷറീസ് ടെക്നിക്കൽ റസിഡൻഷ്യൽ സ്കൂൾ മെസ്സ് അലവൻസ് വർദ്ധനവ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എളമരം കരീം: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷറീസ് ടെക്നിക്കൽ റസിഡൻഷ്യൽ സ്കൂളിലെ എസ്.സി./എസ്.ടി. കുട്ടികളുടെ മെസ്സ് അലവൻസ് വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിലും മത്സ്യത്തൊഴിലാളികളുടെ മക്കളും, അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മക്കളും ആണ് പഠിക്കുന്നത്. ഇവർക്ക് 1000 രൂപ നിരക്കിൽ മെസ്സ് അലവൻസ് നൽകി വരുന്നുണ്ട്. എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് മെസ്സ് അലവൻസ് വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിശോധിച്ചു വരുന്നു. |
| (ബി) ഈ വിഷയം പരിഗണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ? | (ബി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെസ്സ് അലവൻസ് തുക നിലവിൽ 1000 രൂപയിൽ നിന്ന് 1500 രൂപയാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ